പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2725 **28-10-2026-ൽ മറുപടിയ്ക്ക്**

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മണ്ണട്ടാംപാറ തെക്കേ പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

മറുപടി: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തെക്കെപ്പാടം ലിഫ്റ്റ് ഇറിഗേഷൻ സ്കീം 1983-ൽ പ്രവർത്തനം ആരംഭിച്ചതും നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതുമായ പദ്ധതിയാണ്. 2,335 മീറ്റർ നീളവും 67.79 ഹെക്ടർ ആയക്കട്ടുമുള്ള കനാലുകളുടെ അറ്റകുറ്റപ്പണികളും അനുബന്ധ പ്രവൃത്തികളും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും നടത്തി വരുന്നു.

മുന്നിയൂർ - വള്ളിക്കുന്ന് പഞ്ചായത്തുകളിലായി കടലുണ്ടിപ്പുഴയ്ക്ക് കുറുകെ 1958-ൽ നിർമ്മിച്ച മണ്ണട്ടാംപാറ വിയർ കം ലോക്ക്, പുഴയുടെ മുകൾഭാഗത്തേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും കുടിവെള്ളത്തിനും ജലസേചനത്തിനുമായി ജലം സംഭരിച്ച് വയ്ക്കുന്നതിനും പ്രയോജനപ്പെടുത്തി വരുന്നു. കാലപ്പഴക്കം മൂലം ശോച്യാവസ്ഥയിലായ പ്രസ്തുത നിർമ്മിതി പുനർനിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, വള്ളിക്കുന്ന് പഞ്ചായത്തിലെ കടക്കാട്ടുപാറ ആലുംകടവിൽ ഉപ്പുവെള്ളം തടയുന്നതിനുള്ള റെഗുലേറ്റർ നിർമ്മാണത്തിന് 76.10 കോടി രൂപയുടെ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനർപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) മുള്ളൻകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

മറുപടി: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മുള്ളൻകുഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീം 1975-ൽ പ്രവർത്തനം ആരംഭിച്ച് നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പദ്ധതിയാണ്. കനാലുകളുടെ ആകെ നീളം 2820 മീറ്ററും ആയക്കട്ട് 70.29 ഹെക്ടറുമാണ്. കനാലുകളുടെ മെയിന്റനൻസ് പ്രവൃത്തികളും പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് പ്രവൃത്തികളും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടത്തി വരുന്നു.

(സി) പന്ത്രണ്ട് ലക്ഷം രൂപ ചെലവഴിച്ച് മേജർ ഇറിഗേഷൻ വകുപ്പ് നിർമ്മിക്കുന്ന കുളിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

<u>മറുപടി:</u> മലപ്പുറം ജില്ലയിലെ മുന്നിയൂർ ഗ്രാമപഞ്ചായത്തിലെ കുളിക്കടവ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് 'General –Reconstruction of 5 numbers of Kadavs on right bank of Kadalundi River എന്ന പ്രവൃത്തിയ്ക്ക് 12.70 ലക്ഷത്തിന്റെ ഭരണാനുമതി നല്കുകയും പ്രവൃത്തി 35% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

വേനൽ അവസാനത്തോടെയാണ് ജലനിരപ്പ് അൽപമെങ്കിലും താഴാറുള്ളത്. ആയതിനാൽ പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിന് തടസ്സം നേരിടുന്നുണ്ട്.

സെക്ഷൻ ഓഫീസർ